# നിലനിൽപ് പ്രശ്നമാവുന്ന കുംഭാരന്മാർ

സി.ഡി.സുനീഷ്.

വിഭവങ്ങളിൽനിന്നും വിപണിയിൽനിന്നും അന്യാധീനപ്പെട്ടവരാണ് കുംഭാരന്മാർ (മൺപാത്ര നിർമ്മാണ തൊഴിലാളികൾ). പരമ്പരാഗതമായി മൺപാത്രങ്ങളുണ്ടാക്കി വിറ്റ് ഉപജീവനം നടത്തിയിരുന്ന ഈ കൈത്തൊഴിൽ സമൂഹമിന്ന് അതിജീവനത്തിനായി കഷ്ടപ്പെടുകയാണ്.

ഭൂവിസ്തൃതി കുറഞ്ഞുവരുന്നതും പ്രധാനമായും നെൽവയലുകൾ കുറഞ്ഞുവരുന്നതും ഇവരുടെ അസംസ്കൃത വസ്തുവായ കളിമണ്ണെന്ന വിഭവത്തിൽനിന്നും ആധുനിക നാഗരികതയുടെ തീ കാറ്റ് വിപണിയിലുണ്ടാക്കിയ നവീന ഉത്പന്നങ്ങളുടെ കടന്നുവരവ് (പ്ലാസ്റ്റിക്, അലൂമിനിയം, സ്റ്റീൽ) ഇവരെ വിപണിയിൽനിന്നും പരാശ്രിതരാക്കി.

പ്രകൃതി സാഹോദര്യം പുലർത്തുന്ന ഉത്പന്നങ്ങളാണ് ഈ ധാർമ്മിക സമുദായം നിർമ്മിച്ചിരുന്നത്. നവീന ഉത്പ്പന്നങ്ങൾ പ്രത്യേകിച്ചും അലുമിനിയം സൃഷ്ടിക്കുന്ന ആരോഗ്യ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ആധുനികശാസ്ത്രജ്ഞർ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. മൺപാത്രത്തിലെ രുചിയും ഗുണവും അമ്മമാർ ഇപ്പോഴും പ്രത്യേകം എടുത്തുപറയുന്നത് സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിലാണ്. ഇന്നും ആയുർവേദ മരുന്നുകളിൽ ഭൂരിഭാഗവും നിർമ്മിക്കുന്നത് മൺപാത്രങ്ങളിലാണ്. ധാർമ്മികമായ സമൂഹത്തിന്റെ അടിത്തറ ഉറപ്പിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചുപോന്നിരുന്ന ഇവരെ നാം ഓരങ്ങളിലേക്ക് ആട്ടിപ്പായിച്ചുവെന്ന് പറയണം.

ഒരു സമുദായമെന്ന നിലയിൽ ഇപ്പോഴും ഇവർ പട്ടികജാതി- പട്ടികവർഗ്ഗത്തിൽ പെടാത്തതിനാൽ ജനകീയാസൂത്രണമടക്കമുള്ള എല്ലാ പുരോഗമന വികസനധാരയിൽനിന്നും പുറത്താണിവർ. അങ്ങനെ സർക്കാരും ഇവരുടെ മുന്നിലെ ജാലകങ്ങൾ വലിച്ചടച്ചു.

മണ്ണ് കൊണ്ടുവരൽ, കള നീക്കൽ, പാകപ്പെടുത്തൽ, രൂപപ്പെടുത്തൽ, മിനുക്കുപണികൾ, ചൂളയൊരുക്കൽ എന്നീ പണികൾക്കു ശേഷം കുംഭാരസ്ത്രീകൾ തലച്ചുമടായി പാത്രങ്ങൾ ചുമന്നാണ് വിപണിയിൽ ഇറക്കുന്നത്. ഇവിടെയും നമ്മൾ വിലപേശി വിലപേശി ഈ സമൂഹത്തെ വിലയില്ലാത്തവരാക്കി. ഇവർക്കുവേണ്ടി ശബ്ദമുയർത്താൻ രാഷ്ട്രീയക്കാരനോ, ഉദ്യോഗസ്ഥനോ, പഞ്ചായത്തുകളോ, സാമൂഹ്യ പ്രവർത്തകരോ സർക്കാരോ ഇല്ല.

ഇവർക്കുവേണ്ടി എന്തു ചെയ്യാനാകും?

* ഒരു സമൂഹമെന്ന നിലയിൽ ഇവരുടെ നിലവിലുള്ള അവസ്ഥ മനസിലാക്കാൻ സമഗ്രമായ ഒരു സർവേ നടത്തേണ്ടത് ആവശ്യമാണ്.

* നവീന ഉത്പന്ന നിർമിതിയിൽ ഇവർക്കു പരിശീലനം നല്കണം.

* മനുഷ്യ വിഭവശേഷിയെ സഹായിക്കുന്ന ആധുനിക സാങ്കേതികവിദ്യകൾ ഇവർക്കു കൈമാറണം. (ബാംഗ്ളൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ റീജണൽ ടെക്നിക്കൽ ഡിസൈൻ സെന്ററിന് ഈ രംഗത്ത് ഏറെ സഹായിക്കാനാകും).

* നവീനമായ ചൂളകൾ ഓരോ കോളനിക്കും നല്കണം. ഇവർ നിർമ്മിക്കുന്ന പ്രകൃതി സാഹോദര്യ ഉത്പന്നങ്ങൾക്കു വിപണി ഉറപ്പ് വരുത്താൻ ഒരു വിപണന ശൃംഖല ഉണ്ടാക്കണം.

* നവീന ഉത്പന്നങ്ങളുടെ ദൃശ്യങ്ങളെക്കുറിച്ചും മൺപാത്രങ്ങളുടെ പ്രകൃതി സാഹോദര്യത്തെക്കുറിച്ചും കൂടുതൽ പ്രചാരണ കാമ്പയിനുകൾ നടത്തണം.

* കളിമണ്ണെന്ന അസംസ്കൃത വസ്തു സ്ഥിരമായി ലഭിക്കാൻ വേണ്ട സൗകര്യമൊരുക്കണം.

* ഈ സമൂഹത്തിന്റെ സമഗ്ര വളർച്ചയ്ക്കുതകുന്ന റിസർച്ച് ആൻഡ് ഡോക്യുമെന്റേഷൻ സെന്റർ സ്ഥാപിക്കണം.

* സർക്കാർ വാങ്ങുന്നയിനങ്ങളിൽ ഇവരുടെ ഉത്പന്നങ്ങൾ പെടുത്തണം.

ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പഞ്ചായത്തുകൾക്കും ചെയ്യാവുന്ന നന്മകളാണിവ. ഈ ബാധ്യത പഞ്ചായത്തുകൾ ഏറ്റെടുക്കുമെന്നാശിക്കാം.

